# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,**

**തിരുവനന്തപുരം -695004 , കേരളം.**

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


## സംഗ്രഹം

കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ടിലേക്കുള്ള (EWF) ബോർഡ് Contribution വർദ്ധിപ്പിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോ.ഉ.(എഫ്.റ്റി.ഡി) നം. 642 /2021 (പി.എസ്.2 /ഇ.ഡബ്ല്യു.എഫ്/ജി.ബി/2021 തിരുവനന്തപുരം,
തീയതി. 25/08/2021

പരാമർശം : 1. സബ് കമ്മിറ്റി യോഗത്തിന്റെ മാസവരി പുതുക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്.
2. 25/06/2021 – ലെ സബ് കമ്മിറ്റി യോഗത്തിന്റെ മിനുട്സ്.
3. 08.07.2021 ലെ ഭരണ സമിതിയോഗത്തിന്റെ മിനുട്സ്.
4. കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട് സെക്രട്ടറിയുടെ പരിപത്രം No. PS2/EWF- GB/2021 തീയതി 26.07.2021.
5. ചീഫ് പേഴ്സണൽ ഓഫീസർ & സെക്രട്ടറി, കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച കുറിപ്പ് നമ്പർ. പി.എസ്. 2/EWF/GB/2021 തീയതി 03/08/2021 (Agenda 47/8/21)

## ഉത്തരവ്

കെ.എസ്.ഇ.ബി തൊഴിലാളി ക്ഷേമ നിധിയുടെ സാമ്പത്തിക ഭദ്രത വിലയിരുത്തുന്നതിനായി തൊഴിലാളി സംഘടനകളുടെ അംഗങ്ങളെയും ഓഫീസർ സംഘടനകളുടെ അംഗങ്ങളെയും ഉൾപ്പെടുത്തി Secretary, KSEB EWF ചെയർമാനായി രൂപീകരിച്ചിരുന്ന സബ്കമ്മിറ്റിയുടെ റിപ്പോർട്ടും മുൻ ഭരണസമിതി യോഗത്തിൽ എടുത്തിരുന്ന തീരുമാനപ്രകാരം തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച പട്ടികകളും 08.07.2021 – ൽ കൂടിയ ഭരണസമിതി യോഗം പരിഗണിക്കുകയുണ്ടായി.

വിശദമായ ചർച്ചകൾക്കുശേഷം ചുവടെ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ മാസവരിയിലും ആനുകൂല്യങ്ങളിലും വർദ്ധനവ് വരുത്തുവാൻ ഭരണസമിതി തീരുമാനമെടുത്തു.

| Employee Contribution | Board Contribution | Death benefit | Retirement benefit/Year | Disablement benefit |
|---|---|---|---|---|
| Rs.500 per month | Rs.100 /per employee per month | Rs.12 Lakhs | Rs.7200/- for each year of completed service. | 4 lakhs (For members upto 50 years of age)<br><br>3.5 lakhs (For members above 50 years of age) |

തൊഴിലാളി ക്ഷേമനിധിയുടെ വർദ്ധനവ് വരുത്തിയ മാസവരി തുക HRIS ൽ update ചെയ്യുന്നത് സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പ്രത്യേക പരിപത്രം സൂചന 4 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

Board's contribution വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം ഒരു ബോർഡ് ഉത്തരവ് മുഖേന പുറപ്പെടുവിക്കേണ്ട അനുമതിക്കായി വിഷയം പരാമർശം (5) കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിക്കപ്പെടുകയുണ്ടായി.

04.08.2021 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം ഈ വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

KSEB വെൽഫയർ ഫണ്ടിലേക്കുള്ള Board contribution `60 രൂപയിൽ നിന്ന് `100 രൂപയിലേക്ക് വർദ്ധിപ്പിച്ചത് നടപ്പിലാക്കുന്നത് സംബന്ധിച്ച ബോർഡ് ഉത്തരവ് പുറപ്പെടുവിക്കാൻ അനുമതി നൽകി.

മേൽ സൂചിപ്പിച്ച പ്രകാരം വർദ്ധനവ് വരുത്തിയ നിരക്കിന് 08/07/2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള ജീവനക്കാരുടെ KSEB Ltd ന്റെ പ്രതിമാസ contribution തുകയായ 100/- രൂപ, ഓരോ സാമ്പത്തിക വർഷവും, ഫണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഫിനാൻഷ്യൽ അഡ്വൈസർ സമയബന്ധിതമായി കൈക്കൊള്ളേണ്ടതാണ്.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
എക്സിക്യൂട്ടിവ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർ

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}

ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്